**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3637** **02-03-2023 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന സുരക്ഷാ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെയും വർദ്ധിച്ചുവരുന്ന മയക്കുമരുന്നുപയോഗം കണ്ടെത്തി തടയുന്നതിന്റെയും ഭാഗമായി സംസ്ഥാനത്ത് പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്ത പരിശോധന നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; മയക്കുമരുന്നുപയോഗിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ; | (എ) | റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെയും വർദ്ധിച്ചു വരുന്ന മയക്കുമരുന്നുപയോഗം കണ്ടെത്തി തടയുന്നതിനും വേണ്ടി സംസ്ഥാനത്ത് പോലീസും, മോട്ടോർ വാഹന വകുപ്പും, എക്സൈസും ചേർന്ന് സംയുക്ത പരിശോധന നടത്തുന്നത് ജില്ലാതലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് കണ്ടെത്തുന്ന ഇത്തരം ക്രമക്കേടുകളിൽ ഉൾപ്പെട്ട ഡ്രൈവർമാരുടെ ലൈസൻസിന് അയോഗ്യത കൽപ്പിക്കുന്ന നടപടി സ്വീകരിക്കാറുണ്ട്. മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 19 (1) (b) പ്രകാരം മയക്കുമരുന്നുപയോഗിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കാൻ വ്യവസ്ഥയുണ്ട്. |
| (ബി) | ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ബൈക്ക് സ്റ്റണ്ട് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | സാമൂഹ്യ മാധ്യമങ്ങൾ വഴി ലഭിക്കുന്ന ഇത്തരത്തിലുള്ള വീഡിയോകൾ പരിശോധിച്ച് ബൈക്ക് സ്റ്റണ്ടിംഗ് പോലുള്ള നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ, മൊബൈൽ ആപ്ലിക്കേഷൻ വഴി ഇ-ചാലൻ ജനറേറ്റ് ചെയ്ത് ഇത്തരം നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് കാമറകൾ ഇ-ചലാൻ സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനും ഹെവി വാഹനങ്ങളിൽ ഡാഷ് ബോർഡ് കാമറകൾ സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് ഇ-ചലാൻ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്നതാണ്. ഹെവി വാഹനങ്ങളിൽ ഡാഷ് ബോർഡ് ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി, ആദ്യ ഘട്ടത്തിൽ സ്റ്റേജ് കാര്യേജ് വാഹനങ്ങളിൽ ഡാഷ് ബോർഡ് ക്യാമറകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. വർദ്ധിച്ച് വരുന്ന റോഡപകടങ്ങൾ കുറയ്ക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ